മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഞാൻ ഞങ്ങളുടെ പ്രതിപക്ഷ നേതാവിനോട് സഹതപിക്കുകയാണ്. ഒരു ഫോട്ടോ ടി. വി. യിൽ പ്രദർശിപ്പിച്ചു. പ്രദർശിപ്പിച്ച ഫോട്ടോ തെറ്റാണെന്ന് മനസ്സിലാക്കിയ ഉടനെ തന്നെ ഖേദം പ്രകടിപ്പിച്ചുകൊണ്ട് മാപ്പു പറയുകയും ചെയ്തു. വാർത്ത കഴിയുന്നതിന് മുൻപുതന്നെ മാപ്പു പറഞ്ഞ് തെറ്റ് തിരുത്തുകയും ചെയ്തു. ആരോ പറഞ്ഞു, അത് ഇവിടെ കൊണ്ടുവന്ന് ഉന്നയിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : നമ്മളം രണ്ടുപേരുടേയും സ്വത്തല്ല. ഈ വക കാര്യങ്ങളം അസംബ്ലിയിൽ പറയണം. ഞങ്ങളം ഉത്തരവാദപ്പെട്ട എം. എൽ. എ. മാരാണ്.

മി. ഡെ. സ്പീക്കർ : അത് പരിശോധിച്ച് വേണ്ട നടപടി എടുക്കാം.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ കണ്ടവരുണ്ടാകാം, കാണാത്തവരുണ്ടാകാം. പി. ആർ. ഡി. യാണ് ഫോട്ടോ കൊടുത്തത്. അപ്പോൾ ഇവിടെയാണ് മാപ്പു പറയേണ്ടത്. നിങ്ങൾ അവിടെ പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ പറയണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : ഇത് ഈ ഗവൺമെന്റിന്റെ കീഴിലല്ലാത്തിടത്തോളംകാലം ആരാണ് മാപ്പു പറയേണ്ടത്. ആര് മാപ്പു പറയണമെന്നാണ് പറയുന്നത്. ടി. വി. യും ആം ഇന്ത്യാ റേഡിയോയും ഈ ഗവൺമെന്റിന്റെ കീഴിലല്ല.

V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ടു പരിഗണന

ശ്രീ. എം. എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

(2) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച ചർച്ച—(തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നമ്മുടെ നിയമസഭാ നടപടി ക്രമമനുസരിച്ച് ഒരു സെഷനിൽ പൂർത്തീകരിക്കാത്ത പ്രമേയങ്ങൾ അടുത്ത സെഷനിലേക്ക് മാറ്റി വയ്ക്കാറ് പതിവില്ല. അങ്ങ് സ്വീകരിച്ച നടപടിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഒരു ദിവസം എടുത്തതായ പ്രമേയം അന്ന് തീരുന്നില്ലായെങ്കിൽ അവിടംകൊണ്ട് അവസാനിപ്പിക്കണം. ഇത് മാറ്റിവയ്ക്കുന്ന സമ്പ്രദായം മറ്റു പല മെമ്പർമാർക്കും അവരുടെ അവകാശം ഉന്നയിക്കാൻ അവസരം നഷ്ടപ്പെടുത്തുകയാണ്. അതൊന്ന് പുനരാലോചിക്കണം എന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : കഴിഞ്ഞ പ്രാവശ്യം സ്പീക്കർ ഇവിടെ പറഞ്ഞതാണ്. ഇപ്പോൾ മുഖ്യമന്ത്രിയും കൂടെ അതിന് വിപരീതമായിട്ട് പറഞ്ഞു. ഈ കാര്യം സ്ഥിരമായി ഇവിടെ അംഗീകരിക്കാൻ പറ്റുമോ ഇല്ലയോ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളത് ഒരു കോൺസ്റ്റിറ്റ്യൂഷൻ പ്രോബ്ലമായിരിക്കുകയാണ്. നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ ഇത് ഇന്നലെവരെ തുടർന്നതാണ്. ഇപ്പോഴത്തെ ആവശ്യം ഇപ്പോൾ ഇത് തുടരണമെന്നാണ്.

മി. ഡെ. സ്പീക്കർ : അത് പരിശോധിച്ച് വേണ്ടതു ചെയ്യും.

(1) 1985-ലെ കേരളാ കർഷകത്തൊഴിലാളി ഭേദഗതി ബില്ല് (തുടർച്ച)

ശ്രീ. സി. ടി. കൃഷ്ണൻ : സർ, 1974-ലെ കേരളാ കർഷകത്തൊഴിലാളി നിയമത്തിനു് ആറ് ഏഴ് പ്രാവശ്യം കൊണ്ടുവന്നിട്ടുള്ള ഭേദഗതികളാണ് ഞാൻ ഉന്നയിക്കുന്നത്. ഇത് ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. 20 ലക്ഷത്തോളം വരുന്ന കേരളത്തിലെ കർഷകത്തൊഴിലാളികൾ വളരെയധികം പാവപ്പെട്ടവരാണ്. അദ്ധ്വാനിക്കുന്നവരാണ്, ബുദ്ധിമുട്ടുള്ളവരാണ്. അവർക്ക് ഇന്നുള്ള നിയമത്തിൽ പറയുന്ന കാര്യങ്ങൾ കൊണ്ട് യാതൊരു ഗുണവും ലഭിക്കുന്നില്ല. ഞാൻ ഉന്നയിക്കുന്ന ഭേദഗതികളിൽ ഒന്ന് സ്ഥിരം തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി കൊടുക്കണമെന്നാണ്. പാലക്കാട്ട് ഐ. ആർ. സി. കൂടി ഇപ്പോഴത്തെന്നെ ആശ്രിതർക്ക് അഡീഷണൽ വർക്കിനു് മുൻഗണന കൊടുക്കണമെന്ന തീരുമാനം എടുത്തിട്ടുണ്ട്. പാവപ്പെട്ട തൊഴിലാളികൾ വളരെക്കാലം പണിയെടുത്തിട്ട് വാർദ്ധക്യത്തിൽ പിരിഞ്ഞു പോകുന്നു. അങ്ങനെ പിരിഞ്ഞുപോകുന്ന സമയത്ത് അല്ലെങ്കിൽ പണിയെടുക്കാൻ പറ്റാതെ വരുന്ന അവസരത്തിൽ അവരുടെ കുടുംബങ്ങളിലുള്ള മകൻ, മരുമകൻ, അനിയൻ, ജ്യേഷ്ഠൻ അങ്ങനെ ആറ് ഏഴു പേരോ ആളുകളെ ആശ്രിതരായി ഉൾപ്പെടുത്തി, ആ ആശ്രിതർക്ക് ജോലി കൊടുക്കുന്ന വ്യവസ്ഥ ഇന്നുതന്നെ പല സ്ഥലത്തും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. തോട്ടങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും മെല്ലാംതന്നെ ഇത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ കാർഷിക മേഖലയിൽ ഈ നിയമത്തിനു് പ്രാബല്യം ലഭിക്കുന്നില്ല. ഇത് നിയമപരമായി അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സ്ഥിരം തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി നൽകുകയെന്നുള്ളത്. അതിനാൽ ഈ ഭേദഗതി അംഗീകരിക്കുന്നതിനു് യാതൊരു ബുദ്ധിമുട്ടുമുണ്ടാവുകയില്ല. അതുപോലെ പിരിഞ്ഞു പോകുമ്പോഴും പിരിച്ചു വിടുമ്പോഴും നഷ്ടപരിഹാരം കൊടുക്കണമെന്ന് വ്യവസ്ഥയുണ്ടാകണം. എല്ലാ ജീവനക്കാരും എല്ലാ വിഭാഗം തൊഴിലാളികളും ജോലിയിൽനിന്നും പിരിഞ്ഞു പോകുമ്പോൾ അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന ഒരു സമ്പ്രദായം ഉണ്ട്. എന്നാൽ കർഷകത്തൊഴിലാളികൾക്ക് അത്തരം ഒരു ഏർപ്പാട് ഇന്നുവരെ ഉണ്ടായിട്ടില്ല. പല സ്ഥലത്തും തൊഴിലാളികൾ ആവശ്യപ്പെട്ട് തൊഴിൽ ഉടമകളുമായി ചർച്ച നടത്തി ഉഭയകക്ഷി പ്രകാരം ചർച്ച നടത്തി കൊടുക്കുന്ന ചില ആനുകൂല്യങ്ങളല്ലാതെ അതിനു് നിയമപ്രാബല്യമോ അങ്ങനെ കൊടുക്കണമെന്ന് വ്യവസ്ഥയോ ഇന്നുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് മറ്റെല്ലാ തൊഴിലാളികൾക്കും കിട്ടുന്ന ആനുകൂല്യം കർഷകത്തൊഴിലാളികൾക്ക് മാത്രം നിഷേധിക്കുന്നത് ശരിയല്ല. കർഷകത്തൊഴിലാളികൾക്കും അവർ ജോലിയിൽ നിന്നും പിരിഞ്ഞുപോകുന്ന അവസരത്തിൽ അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന ഒരു വ്യവസ്ഥ ഉണ്ടാക്കണം.

പിന്നെ ഭൂമി തുണ്ടു തുണ്ടായി വിൽക്കപ്പെടുന്നു. പത്തും പതിനഞ്ചും ഏക്കർ ഭൂമി ഉണ്ടായിരുന്നതിൽ ഒരേക്കർ, അര ഏക്കർ വീതം വീതം അവസാനം ഒന്നോ, രണ്ടോ ഏക്കറായി ചുരുങ്ങുന്നു. അങ്ങനെ പത്തും പതിനഞ്ചും തൊഴിലാളികൾ ഒരുമിച്ച് പണിയെടുത്തിരുന്ന പല സ്ഥലത്തും ഭൂമി ചുരുങ്ങി വരുന്നതുകൊണ്ട് തൊഴിലാളികൾക്ക് പണിയുടെ ദിവസങ്ങൾ കുറഞ്ഞ് പണിയെടുക്കാൻ പറ്റാത്ത സാഹചര്യം വരുന്നു. അതുപോലെ ഭേദഗതികൾക്കുവേണ്ടി ഭൂമി ഒഴിപ്പിക്കപ്പെടുന്നു. എറണാകുളത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly